ഐ.ടി. കൺസൾട്ടിങ്ങിൽ ശക്തനായ പങ്കാളി

സ്കൈബർടെക്

ഐ.ടി. കൺസൾട്ടിംഗ് രംഗത്ത് കേരളത്തിലെ മുൻപൻമാരായ സ്കൈബർടെക് പുതിയ ഉയരങ്ങൾ കീഴടക്കാൻ ഒരുങ്ങുകയാണ്. മികച്ച സേവനത്തിനൊപ്പം കാലാനുസൃതമായ അപ്ഡേറ്റുകളും ഏറ്റവും മികച്ച തീരുമാനങ്ങളുമാണ് സ്കൈബർടെക്കിനെ ഇത്രയും പോപ്പുലറാക്കി മാറ്റിയത്. ആയിരത്തിലധികം സ്ഥാപനങ്ങൾക്ക് പുതിയ ദർശനം നൽകി ശരിയായ വഴിയിലേക്ക് മുന്നേറാൻ സ്കൈബർടെക്ക് ഇതിനോടകം കൺസൽട്ടേഷൻ നൽകിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അനേകം സ്ഥാപനങ്ങൾക്ക് ഐ.ടി. കൺസൾട്ടിങ് നൽകിയ ശക്തമായ അടിത്തറ ഉണ്ടാക്കിക്കൊടുത്ത പരിചയസമ്പത്തിന്റെ കരുത്തിൽ ഇനിയുള്ള നാളുകളിൽ നൂറോളം സ്റ്റാർട്ടപ്പുകൾക്ക് മാർഗ്ഗനിർദേശം നൽകാൻ പദ്ധതിയിടുകയാണ് സ്ഥാപനം. എന്താണ് കമ്പനിയുടെ വിജയത്തിന്റെ രഹസ്യം എന്ന് ചോദിച്ചാൽ, ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും ഉത്തരം 'വിശ്വാസ്യതയിലൂന്നിയ വളർച്ച' എന്ന് തന്നെയാണ്. മനംമയക്കുന്ന പരസ്യങ്ങൾക്ക് പകരം കസ്റ്റമേഴ്സിന്റെ സംതൃപ്തിയും അതിലൂടെ ഉണ്ടായ 'മൗത്ത് പബ്ലിസിറ്റി'യിലൂടെയുമാണ് സ്കൈബർടെക്ക് വളർന്നത്. നിലവിൽ കേരളത്തിൽ കൊച്ചി ഇൻഫോപാർക്ക്, തൃശൂർ, പാലക്കാട് എന്നിവിടങ്ങളിലും വിദേശത്ത് ദുബായിലും ഓഫീസുകളുള്ള കമ്പനിക്ക് പത്തോളം രാജ്യങ്ങളിൽ ഏറ്റവും മികച്ച സേവന ശൃംഖല തന്നെയുണ്ട്. കമ്പനിയുടെ ലക്ഷ്യങ്ങളെക്കുറിച്ചും മുന്നോട്ടുള്ള യാത്രയെക്കുറിച്ചും സ്കൈബർടെക് സ്ഥാപകൻ സുരേഷ് സംസാരിക്കുന്നു.

skybertech™
your technology advisor

www.skybertech.com

www.itconsultant.in



സുരേഷ്

100 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് നൽകുകയാണ് കമ്പനിയുടെ മുന്നോട്ടുള്ള ലക്ഷ്യം. അക യുടെ കടന്നുവരവോടെ ബിസിനസ്സ് രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ നേരിടാൻ പുതിയ സംരംഭങ്ങളെ സജ്ജരാക്കുക എന്ന ചിന്തയാണ് ഈ തീരുമാനത്തിന് കാരണം. കൃത്യമായ ആശയങ്ങൾ കയ്യിലുള്ളതും എന്നാൽ മുന്നോട്ട്പോകാൻപ്രയാസപ്പെടുന്നതുമായ നൂറോളം സ്റ്റാർട്ടപ്പുകൾക്ക് പുതുജീവൻ നൽകി വിപണിയിലെത്തിക്കുന്ന മിഷനാണിത്. സ്ഥാപനങ്ങൾക്ക് വളരാനുള്ള സാഹചര്യമുണ്ടെങ്കിലും അതെങ്ങനെ കൈവരിക്കാമെന്ന ആശയക്കുഴപ്പമുള്ളവർക്കാണ് സ്കൈബർടെക്ക് കൃത്യമായ ഉത്തരം നൽകുന്നത്. ഇത് എളുപ്പത്തിൽ മനസിലാക്കണമെങ്കിൽ സൈബെക്ക്ടെക്കിൽ വിവിധ ചുമതലകൾ കൈകാര്യം ചെയ്തിരുന്നവർ ഇപ്പോൾ വിവിധ ഓണ്ടർപ്രിണർഷിപ്പിന്റെ തലപ്പത്തിരിക്കുന്ന കാഴ്ച മാത്രം നോക്കിയാൽ മതിയാകും. ഒറ്റയ്ക്കല്ല, ഒരുമിച്ചാണ് വളരേണ്ടേണ്ടതെന്ന കൃത്യമായ സന്ദേശമാണ് കമ്പനി ഉപഭോക്താക്കൾക്ക് മുന്നിൽ വയ്ക്കുന്നതും തെളിയിച്ച് കാണിക്കുന്നതും. ഈ മാർഗനിർദ്ദേശങ്ങളിലൂടെ നിരവധി സംരംഭങ്ങൾക്കാണ് മുന്നോട്ടു പോകാനുള്ള ഊർജ്ജം ലഭിച്ചതും അവർ വളർച്ചയിൽ പുതിയ നേട്ടങ്ങൾ കുറിച്ചതും.

പത്തുവർഷം മുമ്പ് കമ്പനിയുടെ തുടക്കക്കാലത്ത് പല ഉപഭോക്താക്കൾക്കും ഐ.ടി. കൺസൽട്ടിംഗ് എന്ന ആശയം എങ്ങനെ വർക്കാകുമെന്ന ചോദ്യമുണ്ടായിരുന്നു. എന്നാൽ സ്കൈബർടെക്കിന്റെ മാർഗനിർദ്ദേശങ്ങളിലൂടെ മുന്നോട്ട് പോയപ്പോൾ അവർക്ക് വിജയം ലഭിച്ചു. ഇത് ഒരുദിവസം കൊണ്ടുണ്ടായതല്ല, ഘട്ടം ഘട്ടമായാണ് സംഭവിച്ചത്. അതും, പ്രതീക്ഷിച്ചതിനേക്കാൾ വലിയ വളർച്ച. ഉപഭോക്താക്കളിൽ നിന്ന് ആ വിശ്വാസം നേടിയതോടെ സർവീസിലാണെങ്കിലും, പ്രൊഡക്ടിലാണെങ്കിലും മാർക്കറ്റ് ചെയ്യേണ്ട ആവശ്യം സ്ഥാപനത്തിന് വന്നിട്ടില്ല. മൗത്ത് ടു മൗത്ത് പബ്ലിസിറ്റിയിലൂടെയാണ് 1000ത്തിലധികം കസ്റ്റമേഴ്സിലേക്ക് സ്കൈബർടെക്ക് വളർന്നത്. ഓരോ ഉപഭോക്താക്കളുമായും ശക്തമായ വ്യക്തിബന്ധം കാത്തുസൂക്ഷിക്കുന്നതിൽ സ്ഥാപനം തുടക്കം മുതലേ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുമുണ്ട്. ഇതിലൂടെ നേടിയ വളർച്ചയാണ് സ്കൈബർടെക്കിന്റെ ഇന്നത്തെ വിജയത്തിന് കാരണം. ഇന്ന് പത്തോളം രാജ്യങ്ങളിൽ പല സെഗ്മെന്റിലായി സ്കൈബർടെക്ക് സേവനം നൽകുന്നുണ്ട്. 100 പ്രൊജക്ടുകളിൽ മെന്റർഷിപ്പ് കൊടുത്ത് മുന്നോട്ടുകൊണ്ടു പോകുക എന്ന പദ്ധതിയുടെ ഭാഗമായി, കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 15 സ്റ്റാർട്ടപ്പുകളുമായി സ്ഥാപനം കൈ കോർത്തു. ഇതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളുമായി പിരിയോഡിക്കലി ഗ്രോത്ത് പ്ലാൻ ചർച്ച ചെയ്യും. റിവ്യൂ നൽകും, വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കും. മാറ്റങ്ങൾ കൊണ്ടുവരുന്നതിന് മുമ്പ് മാർക്കറ്റിലെ ഇന്നവേഷനുകൾ മനസിലാക്കണം എന്നാണ് സ്കൈബർടെക്കിന്റെ സാരഥി സുരേഷ് പറയുന്നത്. സ്കൈബർടെക്കിന്റെ കൺസൽട്ടൻസി തേടിയെത്തിയ ഒരു സ്റ്റാർട്ടപ്പിന്റെ അനുഭവം ഇവിടെ ഏറെ പ്രസക്തമാണ്. സ്കൈബർടെക്കിന്റെ കൃത്യമായ നിർദ്ദേശങ്ങളിലൂടെ മുന്നോട്ട് പോയപ്പോൾ അവർ പദ്ധതിയിട്ട ടാർഗറ്റിന്റെ ഇരട്ടിയോളം, ഉദ്ദേശിച്ചതിലും പകുതി സമയത്ത് പൂർത്തിയാക്കുവാൻ സാധിച്ചു. ഇവിടെ മനസ്സിലാക്കേണ്ട വസ്തുത എന്തെന്നാൽ, ഒരു സ്റ്റാർട്ടപ്പ് സ്കൈബർടെക്കുമായിചേർന്നുപ്രവർത്തിക്കുമ്പോൾ ഇത്രയും കാലംകൊണ്ട് സ്കൈബർടെക്ക് നേടിയ ലെഗസിയും, ഗുഡ്വില്ലും, ട്രസ്റ്റും മെല്ലാം പ്രസ്തുത സ്റ്റാർട്ടപ്പിന്റെ വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തുവാനും സ്കൈബർടെക്കിന് സാധിക്കുന്നു. അതിലൂടെ അവർക്ക് വലിയ വളർച്ച നേടിക്കൊടുക്കുവാനുംസ്കൈബർടെക്കിന് സാധിക്കുന്നു.

> നിലവിൽ കേരളത്തിൽ കൊച്ചി ഇൻഫോപാർക്ക്, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലും വിദേശത്ത് ദുബായിലും ഓഫീസുകളുള്ള കമ്പനിക്ക് പത്തോളം രാജ്യങ്ങളിൽ ഏറ്റവും മികച്ച സേവന ശൃംഖല തന്നെയുണ്ട്.

സ്കൈബർടെക്കിന്റെ നേതൃത്വത്തിൽ തുടങ്ങിയ ആൽഫാമെയ്സ് എന്ന ഇൻസ്റ്റിറ്റ്യൂഷൻ പുതിയകാല തൊഴിൽ സാധ്യതകളും മാറ്റങ്ങളും പരിചയപ്പെടുത്തുന്നു. ആൽഫാമെയ്സ് വഴി സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് എ.ഐ., റോബോട്ടിക്സ്, സ്പേയ്സ് എഡ്യൂക്കേഷൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, ഓഡു ഇ.ആർ.പി. ഡെവലപ്മെന്റ്, സോഷ്യൽ മീഡിയ മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കും. മെന്ററിംഗ്, ബിസിനസിന് അവയർനെസ് എന്നിവ നൽകുകയും ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുകയും ചെയ്യും. പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പും ഐടി/ടെക്നോളജി കമ്പനികളിൽ തൊഴിൽ അവസരങ്ങളും ഉറപ്പാക്കുന്നു. എ.ഐ. ജോലി സാധ്യതകൾ ഇല്ലാതാക്കുന്നു എന്ന ആശങ്കയ്ക്ക് പകരം എ.ഐ. ഉപയോഗിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. കേവലം 9 മുതൽ 5 വരെയുള്ള ഒരു ജോലി എന്നതിലുപരി ജീവനക്കാർക്കും പങ്കാളികൾക്കും സംരംഭകരാകാനുള്ള അന്തരീക്ഷവും പിന്തുണയുമാണ് സ്കൈബർടെക് നൽകുന്നത്. ഏറ്റവും പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ സ്റ്റാർട്ടപ്പുകൾക്കും, ബിസിനസുകാർക്കും, പുതിയ തലമുറയ്ക്കും (വിദ്യാഭ്യാസം പൂർത്തിയായവർക്ക്) വ്യക്തമായ ദിശാബോധം നൽകുക എന്നതാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് സ്കൈബർടെക്കിന്റെ സാരഥി സുരേഷ് വ്യക്തമാക്കി. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക - 7592 888 111, mail@skybertech.com, www.skybertech.com

